**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269** **25-10-2021 - ൽ മറുപടിയ്ക്ക്**

**തീമാറ്റിക് മ്യൂസിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,**<br>**ശ്രീ എ. സി. മൊയ്‌തീൻ ,**<br>**ശ്രീ ഒ . ആർ. കേളു,**<br>**ശ്രീമതി കാനത്തിൽ ജമീല** | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുന്നതിലേയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും വരുംതലമുറയ്ക്ക് കൈമാറുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കുമായി മ്യൂസിയം, പുരാവസ്തു, പുരാരേഖാ വകുപ്പുകളുടെ കീഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് പുരാവസ്തു വകുപ്പിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ തൃശ്ശൂർ, ഇടുക്കി, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുള്ളതാണ്. മറ്റു ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തിന്റെ പുരാരേഖാപൈതൃകം കാത്തു സൂക്ഷിക്കുന്നതിനായി പുരാരേഖാ വകുപ്പ്, ജില്ലാതലത്തിൽ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും അതിന്റെ ശാസ്ത്രീയ സംരക്ഷണം, റിസർച്ച് എന്നിവയ്ക്കായി കൊല്ലം, തൃശ്ശൂർ, ഇടുക്കി, കണ്ണൂർ, വയനാട് ജില്ലകളിൽ ജില്ലാ പൈതൃക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിലൂടെ പ്രാദേശിക സ്വകാര്യ ചരിത്രരേഖാസമ്പാദനം, സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നല്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ ഉത്തര മലബാറിന്റെ പൈതൃക കൈത്തൊഴിലായ കൈത്തറിയെ അടിസ്ഥാനമാക്കി കണ്ണൂരിൽ ഒരു കൈത്തറി മ്യൂസിയവും ഉത്തരമലബാറിന്റെ പൈതൃക അനുഷ്ഠാന കലയായ തെയ്യം അടിസ്ഥാനമാക്കി |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലയിലെ ചന്തപ്പുരയിൽ ഒരു തെയ്യം മ്യൂസിയവും സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ആരംഭിക്കുന്ന പൈതൃക മ്യൂസിയത്തിൽ ആദിവാസി ഗോത്ര സമൂഹങ്ങളുടെ പരമ്പരാഗത പൈതൃകങ്ങളായ കലയും, തൊഴിലും സംസ്കാരവും, ചികിത്സാ രീതികളും അടിസ്ഥാനമാക്കിയുള്ള പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ DPR തയ്യാറാക്കുന്ന പ്രവർത്തികൾ നടന്നുവരുന്നു. |
| (ബി) | മ്യൂസിയങ്ങളെ കേവലം പ്രദർശനശാലകൾ എന്ന നിലയിൽ നിന്നും തീമാറ്റിക് മ്യൂസിയങ്ങൾ എന്ന പുതിയ സങ്കല്പത്തിലേക്ക് പരിവർത്തനപ്പെടുത്താനുതകുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) | മ്യൂസിയങ്ങളെ കേവലം പ്രദർശന ശാലകൾ എന്നതിലുപരി ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തീമാറ്റിക് മ്യൂസിയങ്ങളായി സജ്ജീകരിച്ച് കൂടുതൽ സന്ദർശക സൗഹൃദമാക്കുന്നതിന് പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ജില്ലാ പൈതൃക മ്യൂസിയങ്ങൾ പ്രത്യേക തീമുകളെ (വിഷയം) ആസ്പദമാക്കിയാണ് സജ്ജീകരിച്ചു വരുന്നത്. ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിച്ചിരിക്കുന്നത് അത്തരമൊരു കാഴ്ച്ചപ്പാടിലാണ്. മറ്റു മ്യൂസിയങ്ങളും ഇതേ മാതൃകയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി ഓരോ മ്യൂസിയത്തിനും പ്രത്യേകമായി ക്യൂറേറ്റോറിയൽ നരേറ്റീവുകൾ തയ്യാറാക്കുന്നതിനും അതിനനുസൃതമായി പ്രദർശന വസ്തുക്കൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സിഗ്നേച്ചർ മ്യൂസിയം, വൈക്കം സത്യാഗ്രഹ മ്യൂസിയം എന്നിവ തീമാറ്റിക് മാതൃകയിൽ തയ്യാറാക്കപ്പെട്ട മ്യൂസിയങ്ങളാണ്. പുരാരേഖ വകുപ്പിന്റെ രേഖാശേഖരങ്ങളിൽ നിന്നും മറ്റും ശേഖരിക്കപ്പെട്ട മഹത് വ്യക്തികളുടെ കയ്യൊപ്പുകളാണ് സിഗ്നേച്ചർ മ്യൂസിയത്തിൽ പ്രദർശന വസ്തുക്കളായി ഒരുക്കിയിട്ടുള്ളത്. വൈക്കം സത്യാഗ്രഹം സംബന്ധിച്ച് ലഭ്യമായ അമൂല്യങ്ങളായ ചരിത്രരേഖകളിലൂടെ വൈക്കം സത്യാഗ്രഹത്തിന്റെ നാൾവഴി ചരിത്രം, നായകന്മാർ, പ്രധാന സംഭവങ്ങൾ, മഹാത്മാഗാന്ധിയുടെ വൈക്കം സന്ദർശനം എന്നിങ്ങനെ വൈക്കം സത്യാഗ്രഹത്തെ തീമാക്കി ഒരുക്കിയിട്ടുള്ള ആധുനിക സജ്ജീകരണങ്ങൾ അടങ്ങുന്ന പൂർണ്ണമായും രേഖകളെ അടിസ്ഥാനപ്പെടുത്തിയ മ്യൂസിയമാണ് വൈക്കം സത്യാഗ്രഹ മ്യൂസിയം. പ്രസ്തുത മ്യൂസിയം 2020 ജനുവരി 21 ന് പൊതുജനങ്ങൾക്കായി തുറന്നു |

| | | | |
|---|---|---|---|
| | | | കൊട്ടത്തിട്ടുണ്ട്. അതിബൃഹത്തായ താളിയോല ചരിത്രരേഖാശേഖരത്തിനെ തീമാക്കി ഈ രേഖകളിൽ നിന്നും ഉരുത്തിരിയുന്ന കേരള ചരിത്രത്തെ അടിസ്ഥാനമാക്കി ഒരുക്കുന്ന മ്യൂസിയമാണ് താളിയോല ചുരുണ മ്യൂസിയം. മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന മ്യൂസിയങ്ങൾ എല്ലാം തന്നെ ചരിത്രം ഉൾപ്പെടെയുള്ള വിവിധങ്ങളായ വിഷയങ്ങളെ ആസ്പദമാക്കിയാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ തിരുവനന്തപുരത്തെ മ്യൂസിയം മൃഗശാലാ വകുപ്പിന്റെ ആസ്ഥാനത്ത് വിശ്വവിഖ്യാത ചിത്രകാരനായ രാജാരവിവർമ്മയുടെ പേരിൽ പുതിയ ആർട്ട് ഗ്യാലറിയും, കണ്ണൂർ ജില്ലയിലെ ചന്തപ്പുരയിൽ പുതിയതായി തെയ്യം മ്യൂസിയവും, കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ എ.കെ.ജി സ്മൃതി മ്യൂസിയവും, കണ്ണൂർ ടൗണിൽ പുതിയതായി കൈത്തറി മ്യൂസിയവും ഉൾപ്പെട്ട നാല് പുതിയ മ്യൂസിയങ്ങളുടെ പദ്ധതികൾ സജ്ജീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ